LIBRARY ARCHIVES Kerala Legislative Assembly

സിഡ്കോയുടെ വ്യവസായ എസ്റ്റേറ്റുകളിലെ ഭൂമിയും കെട്ടിടങ്ങളും

109 [1290] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിഡ്കോയുടെ വ്യവസായ എസ്റ്റേറ്റുകളിലെ ഭൂമിയും കെട്ടിടങ്ങളും വ്യവസായികൾക്ക് കൈമാറുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഈ ഭൂമിയുടെയും കെട്ടിടങ്ങളുടെയും വില നിർണ്ണയിക്കുന്നതിന് സർക്കാർ ഏതെങ്കിലും കമ്മീഷനെ നിയോഗിക്കുകയുണ്ടായോ;

(സി) എങ്കിൽ കമ്മീഷന്റെ റിപ്പോർട്ട് എന്നാണ് ലഭിച്ചത്;

(ഡി) റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കാമോ;

(ഇ) ഈ വസ്തുവകകൾക്ക് കമ്മീഷൻ നിർദ്ദേശിച്ചത് എത്ര കോടി രൂപയാണ്;

(എഫ്) റവന്യൂ അധികൃതർ ഈ വസ്തുക്കൾക്ക് നിശ്ചയിച്ചത് എത്ര രൂപയാണ്;

(ജി) ഈ രണ്ട് വിലകൾ തമ്മിൽ അന്തരമുണ്ടെങ്കിൽ ഈ ഭൂമി മാർക്കറ്റ് വിലയ്ക്ക് വ്യവസായികൾക്ക് കൈമാറുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തീരുമാനിച്ചിട്ടുണ്ട്.

(ബി) 13-7-2001 തീയതിയിലെ ജി.ഒ.(ആർ. റ്റി.) നം 635/2001/ഐ. ഡി. നമ്പർ ഉത്തരവ് പ്രകാരം ശ്രീമതി വി. ഭവാനി, ഐ.എ.എസ്.-നെ ഏകാംഗ കമ്മീഷനായി നിയോഗിക്കുകയുണ്ടായി.

(സി) ഏകാംഗ കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് 29-11-2001-ൽ ലഭിച്ചു.

(ഡി) റിപ്പോർട്ടിലെ ശുപാർശകളുടെ പ്രസക്തഭാഗം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ഇ) വസ്തുവകകൾക്ക് കമ്മീഷൻ 1-4-75-ൽ 3.42 കോടി രൂപയാണ് നിർദ്ദേശിച്ചത്.

(എഫ്) എല്ലാ എസ്റ്റേറ്റുകൾക്കുമായി റവന്യൂ വാല്യുവേഷൻ ലഭിച്ചിട്ടില്ല.

(ജി) വ്യവസായ വികസനത്തിനായി ഉദ്ദേശിച്ചിട്ടുള്ള ഭൂമി ആകയാൽ മാർക്കറ്റ് വിലയ്ക്ക് വ്യവസായികൾക്ക് കൈമാറുവാൻ നിശ്ചയിച്ചിട്ടില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.